**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹുവർഷ പദ്ധതി എന്ന നിലയിൽ 2012-13, 2013-14 വർഷങ്ങളിൽ വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ നടപ്പുവർഷത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രോജക്ടിന് ഭേദഗതി വരുത്തി ഇക്കൊല്ലത്തെ സേവിംഗ്സിൽ നിന്ന് മുഴുവൻ ചെലവും നടത്താൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 674/13/തസ്വഭവ തിരുവനന്തപുരം, തീയതി: 18.03.2013.

=====================================================================

പരാമർശം:- 1) 18.08.2012-ലെ സ.ഉ(എം.എസ്)നം225/2012/തസ്വഭവ.

2) മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.02.2013-ലെ കത്ത്.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2013-ലെ 3.16 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഒന്നാം വാർഷിക പദ്ധതി (2012-13) തയ്യാറാക്കുന്ന സമയത്ത് 2013-14 വർഷത്തെ വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബഹു വർഷ പദ്ധതി തയ്യാറാക്കാമെന്ന് പരാമർശം (1) ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

2) 2012-13, 2013-14 എന്നീ രണ്ട് വർഷങ്ങളിലെ പദ്ധതി വിഹിതം വകയിരുത്തി തയ്യാറാക്കിയിട്ടുള്ള ബഹുവർഷ പദ്ധതികൾ 2012-13-ൽ തന്നെ പൂർത്തിയാവുന്ന പക്ഷം 2013-14 -ലെ വിഹിതം 2012-13-ലെ വിഹിതത്തിൽ നിന്ന് തന്നെ നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുവർഷ പദ്ധതി എന്ന നിലയിൽ 2012-13, 2013-14 വർഷങ്ങളിലെ വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ നടപ്പുവർഷത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രോജക്ടിന് ഭേദഗതി വരുത്തി ഇക്കൊല്ലത്തെ സേവിംഗ്സിൽ നിന്ന് മുഴുവൻ ചെലവും നടത്താൻ അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**

ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും/പ്രസിഡന്റുമാർക്കും.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.

(. . . .2)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ/ഡി.സി/ഡി.ഡി )വകുപ്പിന്.